# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ.ജോസഫ് മാർത്തോമ്മായിൽ നിന്നും

## സർക്കുലർ നമ്പർ 213

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ആരോഗ്യമുള്ള ഒരു സമൂഹം എല്ലാവരുടെയും സ്വപ്നമാണ്. സൗഖ്യദായക ശുശ്രൂഷ നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയുടെ സുപ്രധാനഭാഗമായിരുന്നു. ഇന്നും ഈ സൗഖ്യദായക ശുശ്രൂഷ സഭയിലൂടെയും മറ്റ് ആതുരശുശ്രൂഷാരംഗങ്ങളിലൂടെയും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സഭയിലൂടെ ചെയ്യുന്ന ഈ മഹത്തായ ശുശ്രൂഷയെ ഓർക്കുന്നതിനും, അതിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി 2015 ഫെബ്രുവരി 1-ാം തീയതി മെഡിക്കൽ മിഷൻ ഞായറാഴ്ചയായി സഭ ആചരിക്കുന്നു.

ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല വിദഗ്ദ ചികിൽസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാർത്തോമ്മാ മെഡിക്കൽ മിഷൻ ബോർഡിന്റെ ചുമതലയിൽ പ്രധാനമായി കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ, കുമ്പനാട് ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ മാർത്തോമ്മാ മിഷൻ ഹോസ്പിറ്റൽ എന്നീ ആശുപത്രികൾ പ്രവർത്തിക്കുന്നു. കൂടാതെ വാളകം ജോർജ് ജോൺ അച്ചൻ മെമ്മോറിയൽ ആശുപത്രി, കിടങ്ങന്നൂർ ഗ്രാമോദ്ധാരണമിഷൻ ആശുപത്രി എന്നിവ ലഹരി വിമുക്ത ചികിൽസാ കേന്ദ്രമായും നടത്തിവരുന്നു.

250 കിടക്കകളുള്ള കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിലെ നേത്രചികിൽസാ വിഭാഗം, ഡയാലിസിസ് സെന്റർ എന്നിവ എടുത്തു പറയത്തക്കവയാണ്. ആശുപത്രിയോട് അനുബന്ധിച്ച് ബി. എസ്. സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ഹെൽത്ത് വർക്കേഴ്സ് കോഴ്സ്, ബി.എസ്.സി. ഒപ്റ്റോമെട്രി ആൻഡ് ഒപ്താൽമോളജി, ബി. എസ്.സി. മെഡിക്കൽ ലാബ് ടെക്നോളജി എന്നീ കോഴ്സുകളിലായി 378 കുട്ടികൾ പഠിക്കുന്നു. നേത്ര ചികിത്സയിൽ retina യിൽ കൂടിയുള്ള പരിചരണ വിഭാഗവും, ഒരു കാർഡിയാക്ക് യൂണിറ്റും, എം.എസ്.സി. നേഴ്സിംഗ് കോഴ്സും, ഫാർമസി കോളജും ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നു.

150 കിടക്കകളുള്ള കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയോട് ചേർന്നുള്ള എ.എം.എം. ജിറിയാട്രിക് സെന്ററിന്റെ പ്രവർത്തനങ്ങളും കമ്മ്യൂണിറ്റി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. Geriatric Centre-ൽ ഇപ്പോൾ 94 അംഗങ്ങൾ ഉണ്ട്. 40 പേർക്കുകൂടി അവസരം ലഭിക്കത്തക്കവണ്ണം കെട്ടിടം പൂർത്തിയായിവരുന്നു. അബുദാബി മാർത്തോമ്മാ ഇടവകയുടെ സഹായത്തോടുകൂടെ ആശുപത്രിയിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. എം.ആർ.ഐ. സ്കാനിംഗ് സംവിധാനവും ബി.എസ്.സി. നേഴ്സിംഗ് കോളജും ആരംഭിക്കുവാൻ താല്പര്യപ്പെടുന്നു.

50 കിടക്കകളോടുകൂടിയ ചുങ്കത്തറ മാർത്തോമ്മാ മിഷൻ ആശുപത്രിയുടെ പ്രവർത്തനങ്ങളും അനുഗ്രഹീതമായി നടക്കുന്നു.

സഭയുടെ സ്പോൺസർഷിപ്പോടുകൂടി വെല്ലൂർ, ലുധിയാന എന്നീ ക്രിസ്ത്യൻ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് കുട്ടികൾ പഠിക്കുന്നു.

മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ ചികിൽസാ പദ്ധതികൾ, മൊബൈൽ ക്ലിനിക്ക്,പാലിയേറ്റീവ് കെയർ, ആംബുലൻസ് സർവ്വീസ്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയിലൂടെ സമൂഹത്തിലെ നിർദ്ധനരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ സാധിക്കുന്നു. കറ്റാനത്ത് 6 dialysis unit ഉം കുമ്പനാട് 5 unit ഉം പ്രവർത്തനത്തിൽ ഇരിക്കുന്നു. കറ്റാനത്ത് 3 യൂണിറ്റു കൂടിയും കുമ്പനാട് ഒരു യൂണിറ്റു കൂടിയും വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. നിർദ്ധനരായ രോഗികൾക്ക് സൗജന്യമായ dialysis ലഭ്യമാകുന്നതിന് സഭാജനങ്ങളുടെ ഔദാര്യപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. ഒരു സൗജന്യ dialysis-ന് 650 രൂപ ചെലവാകും എന്ന് ഓർപ്പിക്കുന്നു.

2015 ഫെബ്രുവരി 1-ാം തീയതി ഞായറാഴ്ച ആരാധനാമദ്ധ്യേ മെഡിക്കൽ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രകാഴ്ച സമർപ്പിക്കുകയും ചെയ്യണം. ഈ വർഷം സ്തോത്രകാഴ്ച ഇനത്തിൽ 22 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണം എന്നു ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2014 ഡിസംബർ 5-ാം തീയതി,

J mmalabar

**ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

Circular No.213

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority*

Beloved in Christ,

A healthy society is everybody's dream. Healing ministry was an important part of the public ministry of our Lord. This healing ministry is being continued even today through the Church and other areas of ministry to the sick. February 1st, 2015 is set apart to be observed as the Medical Mission Sunday to specially remember this great service rendered through the church, to uphold those engaged in this work in our prayers and to extend financial support to this ministry.

With a view to provide the best treatment with least expenditure on the part of patients St. Thomas Mission Hospital Kattanam, Fellowship Hospital, Kumbanad and Mar Thoma Mission Hospital Chungathara are functioning under the Mar Thoma Medical Mission Board. In addition, George John Achen Memorial Hospital Valakom and Gramodharan Mission Hospital Kidangannoor are being run as de-addiction Centers.

Special mention need to be made of the Ophthalmic Department and Dialysis Centre of the 250 bedded Kattanam Mission Hospital. 378 students get trained in different Courses like B.Sc Nursing, General Nursing, Health Workers Course, B.Sc Optometry and Ophthalmology and B.Sc Medical Lab Technology attached to this hospital. Arrangements are under way to start this year, a new retinal clinic in Opthalmic Department, a Cardiac Unit, M.Sc Nursing Course and a Pharmacy College.

Really Commendable are the services of the A.M.A Geriatric Centre and the Community Palliative Care Unit attached to the 150 bedded Fellowship Hospital Kumbanad. Now there are 94 members in the Geriatic Centre. The building will be completed with a view to accommodate 40 more persons. The dialysis unit started with the support of Mar Thoma Parish, Abu Dhabi is functioning well. Plans are underway to have MRI Scanning system and to start a B.Sc Nursing College.

50 bedded Chungathara Mar Thoma Medical Mission Hospital is also functioning well.

With the sponsorship of the Church, students are undergoing various courses in Christian Medical Colleges at Vellore and Ludhiana.

It has been made possible to reach out to the poor in the society through Medical Camps, Free Medical Aid Projects, Mobile Clinic, Palliative Care, Ambulance Service, and Community Health Centre. There are 6 dialysis units in Kattanam and 5 at Kumbanad. Offers are received for 3 units at Kattanam and one at Kumbanad. Financial support is solicited for the treatment of poor dialysis patients. It is informed that Rs.650/- will be charged for 1 free dialysis.

Medical Mission activities are to be specially remembered and offertories given on Sunday, February 1, 2015. This year Rs.22 lakhs is expected as offertory. We exhort that all should whole-heartedly co-operate in this ministry.

Grace be with you all.

Dated 5th December 2014 from Poolatheen Tiruvalla,

**Dr.Joseph Mar Thoma Metropolitan**